ഉത്തരം

(എ) കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് 27-5-2014-ലെ സ.ഉ. (കൈ.).56/2014/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) പ്രസ്തുത ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനായി അനുയോജ്യമായ കെട്ടിടം കണ്ടെത്തി നൽകണമെന്ന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് മെഡിക്കൽ കമ്മിഷണറോട് ആവശ്യപ്പെട്ടതനുസരിച്ച് റന്റ് കമ്മിറ്റി അനുയോജ്യമായ രണ്ട് കെട്ടിടങ്ങൾ കണ്ടെത്തിയെങ്കിലും ഡിസ്പെൻസറി പ്രവർത്തിക്കുന്നതിനാവശ്യമായ മാറ്റം വരുത്തേണ്ടിയിരുന്നു. അതിൻപ്രകാരം മാറ്റം വരുത്തിയതിനു ശേഷം വാടക സംബന്ധിച്ച തീരുമാനങ്ങൾക്കായി പ്രൊപ്പോസൽ സ്റ്റേറ്റ് മെഡിക്കൽ കമ്മിഷണർക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) കർപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

ഒ.ഇ.സി. ആനുകൂല്യങ്ങൾ ഒ.ബി.സി. വിഭാഗത്തിനും നൽകുവാൻ നടപടി

222 (T 3658) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ സർക്കാർ വിജ്ഞാപനം വഴി ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾക്ക് ഒ.ബി.സി. വിഭാഗത്തിലെ ഏതു ജാതി വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത ജാതി വിഭാഗത്തിന് വിജ്ഞാപനം വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ; അവ എന്നു മുതൽ വിതരണം ചെയ്യാനാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത് ;

(സി) കഴിഞ്ഞ വർഷം ഏതെങ്കിലും പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകിയിട്ടുണ്ടോ ; എങ്കിൽ ഈയിനത്തിൽ ചെലവഴിച്ച തുക എത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY, ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ആനുകൂല്യം നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; ആയത് എന്നു വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ; വിതരണം ചെയ്യുന്നതുവരെ വിദ്യാർത്ഥികളിൽ നിന്ന് മുഴുവൻ ഫീസും ഈടാക്കാൻ ശ്രമിക്കുന്ന സ്ഥാപനങ്ങളെ രേഖാമൂലം പ്രസ്തുത വിവരം അറിയിക്കുമോ ;

(ഇ) കഴിഞ്ഞ വർഷം ഈ ആനുകൂല്യത്തിനർഹപ്പെട്ടവരിൽ നിന്നും സ്ഥാപനങ്ങൾ മുഴുവൻ ഫീസും ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുപ്പത് സമുദായങ്ങൾക്കും അവയുടെ ഉപജാതികൾക്കും ആറ് ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി ഒ.ഇ.സി. ആനുകൂല്യം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മറ്റർഹ വിഭാഗം (ഒ.ഇ.സി.) വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അതേ നിരക്കിൽ അനുവദിക്കുന്നു. സർക്കാർ അംഗീകരിച്ച കോഴ്സ് ഫീസ്, മൾഡേറ്ററി ഫീസുകൾ എന്നിവയ്ക്ക് പുറമെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും അനുവദിക്കുന്നു. (നിരക്ക് അനുബന്ധമായി നൽകുന്നു.) ഉത്തരവ് തീയതി മുതൽ ആനുകൂല്യത്തിന് അർഹതയുണ്ട്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) കഴിഞ്ഞ വർഷം ഇ-ഗ്രാന്റ്സ് മുഖേന അപേക്ഷ സമർപ്പിച്ച് അനുമതി ഉത്തരവായ എല്ലാപേർക്കും ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം (2015-16-ൽ) ഇതുവരെ 89.5 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എസ്.സി./ എസ്.റ്റി./ഒ.ഇ.സി. ആനുകൂല്യം അനുവദിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പി.റ്റി.എ. ഫണ്ട് ഒഴികെ ഒന്നും വാങ്ങരുതെന്ന് പൊതുവായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഇ) ഉത്തരവ് നടപ്പാക്കിയപ്പോൾ ആദ്യഘട്ടത്തിൽ ഉണ്ടാകുന്ന പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരും വർഷങ്ങളിൽ അത്തരത്തിൽ ആവർത്തിക്കാതെ ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly